I ഇ.ബി. XV -  കേരള നിയമസഭ/XI-7

പതിനഞ്ചാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2024 ജൂൺ 24, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

## I **അനുമോദനം**

മന്ത്രിക്ക് അനുമോദനം

പട്ടികജാതി-പട്ടികവർഗ്ഗ-പിന്നാക്കവിഭാഗ ക്ഷേമ വകുപ്പുമന്ത്രിയായി ചുമതലയേറ്റെടുത്ത ശ്രീ. ഒ. ആർ. കേളുവിനെ ബഹുമാനപ്പെട്ട സ്പീക്കർ അനുമോദിച്ചു.

## II നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം

### മുതലപ്പൊഴി ഹാർബറിന്റെ അശാസ്ത്രീയ നിർമ്മാണംമൂലമുണ്ടാകുന്ന അപകടമരണങ്ങൾ

മി. സ്പീക്കർ: അഞ്ചുതെങ്ങിലെ മുതലപ്പൊഴി ഹാർബറിന്റെ അശാസ്ത്രീയ നിർമ്മാണം കാരണം നിരവധി മത്സ്യത്തൊഴിലാളികൾ മരണമടയുന്ന സാഹചര്യംമൂലം ജനങ്ങളിൽ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്ക സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. എം. വിൻസെന്റ്, എൻ. എ. നെല്ലിക്കുന്ന്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): പൊഴിമുഖത്ത് മണൽതിട്ടകളും രൂക്ഷമായ തിരമാലകളും രൂപംകൊള്ളുന്നതും അപകട മുന്നറിയിപ്പ് അവഗണിച്ച് മത്സ്യബന്ധനത്തിന് പോകുന്നതുമാണ് മുതലപ്പൊഴിയിൽ അപകടങ്ങൾ ഉണ്ടാകുന്നതിനുള്ള പ്രധാന കാരണം. മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങളെ സംരക്ഷിക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. 2020-ലെ മൺസൂണിന്റെയും 2021-ലെ ടൗട്ടെ ചുഴലിക്കാറ്റിന്റെയും ഭാഗമായി തെക്കേ

പുലിമുട്ടിന്റെ ഹെഡ് തകരുകയും ടെട്രാപോഡുകൾക്ക് സ്ഥാനഭ്രംശം സംഭവിക്കുകയും ചെയ്തിരുന്നു. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തിനുള്ള കല്ലുകൾ മുതലപ്പൊഴിയിൽനിന്നും കടൽമാർഗ്ഗം കൊണ്ടുപോകുന്നതിന് അദാനി പോർട്ട്സ് ലിമിറ്റഡുമായി ഹാർബർ എഞ്ചിനീയറിംഗ് വിഭാഗം ധാരണാപത്രം ഒപ്പുവച്ചതിന്റെ അടിസ്ഥാനത്തിൽ തെക്കേ പുലിമുട്ട് പൊളിച്ച് ലോഡ് ഔട്ട് ഫെസിലിറ്റി ഒരുക്കാനുള്ള അനുമതി നൽകുകയും ഡ്രെഡ്ജിംഗ് നടത്തി ആഴം നിലനിർത്താനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. തുറമുഖം അപകടരഹിതമാക്കാനായി പൂനെയിലെ സി.ഡബ്ല്യൂ.പി.ആർ.എസ്. സമർപ്പിച്ച പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 164 കോടി രൂപയുടെ പദ്ധതി തയ്യാറാക്കുകയും 40 ശതമാനം തുക സംസ്ഥാന സർക്കാർ അനുവദിക്കുകയും 60 ശതമാനം തുകയ്ക്കായി കേന്ദ്ര സർക്കാരിന് പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത തുറമുഖം സ്മാർട്ട് ആൻഡ് ഗ്രീൻ ആക്കണമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പുലിമുട്ടിന്റെ ഫ്രെയിം സ്റ്റഡി നടത്തിയ റിപ്പോർട്ടുകൂടി കേന്ദ്ര സർക്കാരിന് സമർപ്പിക്കേണ്ടതുണ്ട്. രണ്ട് മാസത്തിനകം ടെണ്ടർ നടപടികൾ സ്വീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. എം. വിൻസെന്റ്:</u> സംസ്ഥാനത്തെ 26 തുറമുഖങ്ങൾക്കുമില്ലാത്ത വിധത്തിലുള്ള അപകട ചുഴിയാണ് മുതലപ്പൊഴിയിലുള്ളത്. മുതലപ്പൊഴി ഹാർബറുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണാൻ നാളിതുവരെ കഴിഞ്ഞിട്ടില്ല. ഡ്രെഡ്ജിംഗ്, സാൻഡ് ബൈപ്പാസിംഗ് സോയിൽ പൈപ്പിംഗ്, യാനങ്ങൾക്ക് സുരക്ഷിത പാതയൊരുക്കൽ തുടങ്ങിയവയുമായി ബന്ധപ്പെട്ട് സർക്കാർ നൽകിയ ഉറപ്പുകൾ പാലിക്കാൻ കഴിയാത്തത് ഖേദകരമാണ്. സർക്കാരിന്റെ അനാസ്ഥ കാരണമാണ് ഹാർബറിൽ അടിയുന്ന മണൽ നീക്കം ചെയ്യാൻ കാലതാമസം നേരിട്ടത്. അഞ്ചുതെങ്ങ് മുതൽ മുതലപ്പൊഴിവരെ തീരത്തോടുചേർന്നുണ്ടായിരുന്ന മൂന്നുനിര വീടുകളിൽ ഭൂരിഭാഗവും കടലാക്രമണത്തിൽ നശിച്ചുപോയി. മത്സ്യത്തൊഴിലാളികളുടെ അനുഭവജ്ഞാനം പരിഗണിക്കാതെയാണ് തുറമുഖ നിർമ്മാണം നടത്തിയത്. കഴിഞ്ഞ മൂന്നുമാസത്തിനുള്ളിൽ നിരവധി മരണങ്ങളാണ് മുതലപ്പൊഴിയിൽ സംഭവിച്ചത്. കരാർപ്രകാരമുള്ള ഡ്രെഡ്ജിംഗ് സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് അദാനി ഗ്രൂപ്പിന് കർശന നിർദ്ദേശം നൽകണം. അടിയന്തരമായി ഡ്രെഡ്ജിംഗ് പൂർത്തിയാക്കാനും പൊളിച്ചുമാറ്റിയ പുലിമുട്ടിന്റെ തെക്കുഭാഗം പുനർനിർമ്മിക്കാനും മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് ധനസഹായം

നൽകാനും നടപടി സ്വീകരിക്കണം. പ്രസ്തുത വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ശ്രീ. വി. ശശി: മുതലപ്പൊഴി തുറമുഖ നിർമ്മാണം അശാസ്ത്രീയമാണെന്ന് കണ്ടെത്തിയതിനെത്തുടർന്ന് സി.ഡബ്ല്യൂ.പി.ആർ.എസ്.-ന്റെ നേതൃത്വത്തിൽ വീണ്ടും പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ 31 കോടി രൂപ ചെലവഴിച്ച് പുനർനിർമ്മാണം നടത്തിയെങ്കിലും അതും അശാസ്ത്രീയമാണെന്നാണ് ഇപ്പോൾ വിലയിരുത്തിയിരിക്കുന്നത്. തുറമുഖത്തിനുള്ളിലും പ്രാന്തപ്രദേശങ്ങളിലുമായി നിരവധി മത്സ്യത്തൊഴിലാളികൾ മരണപ്പെട്ടിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും പരിഗണിച്ചും സാങ്കേതികവിദഗ്ദ്ധർ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുമാണ് മുതലപ്പൊഴിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത്. ഹാർബറുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണാൻ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികളിൽ മത്സ്യത്തൊഴിലാളികൾ തൃപ്തരാണ്. ഡ്രെഡ്ജിംഗുമായി ബന്ധപ്പെട്ട വിഷയത്തിൽ അടിയന്തര നടപടി സ്വീകരിക്കണം.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): മുതലപ്പൊഴിയിൽ അടിയുന്ന മണൽ നീക്കം ചെയ്യുന്നതിനും കടലിന്റെ ആഴം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സി.ഡബ്ല്യൂ.പി.ആർ.എസ്.-ന്റെ പഠന റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി നിർമ്മാണം നടത്താനാവശ്യമായ നടപടി സ്വീകരിച്ചുവരികയാണ്. മുതലപ്പൊഴിയിലെ രക്ഷാപ്രവർത്തനങ്ങൾക്കായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ആംബുലൻസ് സർവ്വീസും യാനങ്ങളും 30 സീ റസ്ക്യൂ ഗാർഡുകളും പ്രവർത്തിക്കുന്നുണ്ട്. മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബാംഗങ്ങൾക്ക് അർഹതപ്പെട്ട ധനസഹായം വിതരണം ചെയ്തുവരുന്നു. തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിലായി നടത്തിയ അദാലത്തിലൂടെ 167 കുടുംബങ്ങൾക്ക് ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്. ഇൻഷ്വറൻസ് പരിരക്ഷയുള്ള യാനങ്ങൾക്ക് ഇൻഷ്വറൻസ് കമ്പനികൾ മുഖാന്തരം തുക നൽകുകയും അതില്ലാത്തവർക്ക് സി.എം.ഡി.ആർ.എഫ്. മുഖാന്തരം പരമാവധി ധനസഹായം നൽകുകയും ചെയ്തുവരുന്നു. മുതലപ്പൊഴിയിൽ 164 കോടി രൂപയുടെ പ്രോജക്ട് നടപ്പാക്കുന്നതിനും

പുലിമുട്ടുകൾ പുന:സ്ഥാപിക്കുന്നതിനും ഡ്രഡ്ജിംഗ് നടത്തുന്നതിനും അടിയന്തര നടപടി സ്വീകരിക്കുന്നതാണ്. മത്സ്യബന്ധന തുറമുഖത്തിന്റെ വടക്കുഭാഗത്തുള്ള താഴംപള്ളി തീരത്തിന്റെയും കഠിനംകുളം കായലിന്റെയും തീരസംരക്ഷണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. തീരം സംരക്ഷിക്കുന്നതിന്റെ ഭാഗമായി 10 ഗ്രോയിനുകളുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. നിർമ്മാണത്തിലെ അപാകത സംബന്ധിച്ച സി.ഡബ്ല്യൂ.പി.ആർ.എസ്.-ന്റെ റിപ്പോർട്ടിന്മേൽ മത്സ്യത്തൊലാളി സംഘടനകളുമായി ചർച്ച ചെയ്തശേഷം മാത്രമേ അന്തിമ തീരുമാനം കൈക്കൊള്ളുകയുള്ളൂ. ബോട്ട് മറിഞ്ഞ് മരിച്ച വിക്ടറിന്റെ കുടുംബത്തിന് 10 ലക്ഷം രൂപ നൽകുന്നതോടൊപ്പം പുനർഗേഹം പദ്ധതി പ്രകാരം വീട് നിർമ്മിക്കാനുള്ള അനുമതിയും നൽകിയിട്ടുണ്ട്. മുതലപ്പൊഴിയിൽ അപകടങ്ങൾ ഒഴിവാക്കുന്നതിനും രക്ഷാപ്രവർത്തനങ്ങൾക്കും ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സി.ഡബ്ല്യൂ.പി.ആർ.എസ്. നിർദ്ദേശിച്ച രീതിയിലുള്ള നിർമ്മാണം ഒന്നര വർഷത്തിനകം പൂർത്തീകരിച്ച് പ്രശ്നത്തിന്

ശാശ്വതപരിഹാരം കാണുന്നതാണ്. ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(സഭാ നടപടികൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപത്തിന് അവതരണാനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ. വി. ഡി. സതീശൻ, പി. കെ. കുഞ്ഞാലിക്കുട്ടി, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, ശ്രീമതി കെ. കെ. രമ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## III ശ്രദ്ധക്ഷണിക്കൽ

(1) ദേവികുളം താലൂക്കിലെ തൊഴിലാളികൾക്ക് പട്ടയം വിതരണം

ശ്രീ. എ. രാജ: ദേവികുളം താലൂക്കിലെ സ്വന്തമായി ഭൂമിയില്ലാത്ത എഴുന്നൂറിലധികം തോട്ടം തൊഴിലാളികൾക്ക് 2008-ൽ സർക്കാർ ഭൂമിയും പട്ടയവും അനുവദിക്കുകയും 2009-ൽ മൂവായിരത്തിലധികം തോട്ടം തൊഴിലാളികൾക്ക് അസൈൻമെന്റ് ഉത്തരവ് നൽകുകയും ചെയ്തെങ്കിലും ഭൂമി വിതരണം ചെയ്യാൻ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം പട്ടയ മാനദണ്ഡപ്രകാരം

അസൈൻമെന്റ് ലഭിച്ച് മുപ്പത് ദിവസത്തിനകം ചെല്ലാൻ ഒടുക്കാൻ തൊഴിലാളികൾക്ക് സാധിക്കാത്ത വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന് കാലതാമസം ഒഴിവാക്കി പുതിയ ഉത്തരവിറക്കിയെങ്കിലും അവർക്ക് പട്ടയം അനുവദിക്കുകയോ പട്ടയം കൈവശമുള്ളവർക്ക് ഭൂമി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. വാസയോഗ്യമല്ലാത്ത സ്ഥലങ്ങൾ മാറ്റിനൽകുന്നതിനുവേണ്ടി സമർപ്പിച്ച അപേക്ഷകളും പരിഗണിച്ചിട്ടില്ല. നടപടിക്രമങ്ങൾ പൂർത്തിയാക്കി ദേവികുളം താലൂക്കിലെ തോട്ടം തൊഴിലാളികൾക്ക് പട്ടയം ലഭ്യമാക്കുന്നതിനും സീറോ ലാൻഡ്‌ലെസ് പദ്ധതിയുടെ ഭാഗമായി പട്ടയം ലഭിച്ചവർക്ക് ഭൂമി ലഭ്യമാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): ദേവികുളം താലൂക്കിലെ കെ.ഡി.എച്ച്. വില്ലേജിലെ കുറ്റ്യാർവാലിയിൽ 02-11-2008-ലെ റവന്യൂ ഉത്തരവുപ്രകാരം 770 പേർക്ക് പത്ത് സെന്റ് വീതവും 17-12-2009-ലെ ഉത്തരവുപ്രകാരം 2300 പേർക്ക് അഞ്ച് സെന്റ് വീതവും ഭൂമി അനുവദിച്ചിരുന്നെങ്കിലും ആദ്യഘട്ടത്തിൽ അനുവദിച്ച ഭൂമിയുടെ പട്ടയനടപടികൾ ഏറെക്കുറെ പൂർത്തീകരിക്കുകയും രണ്ടാംഘട്ടത്തിൽ പട്ടയം അനുവദിക്കപ്പെട്ട ഗുണഭോക്താക്കളിൽ അനർഹർ കടന്നുകൂടിയെന്ന

ആരോപണത്തെ തുടർന്ന് നടപടികൾ നിർത്തിവയ്ക്കുകയും അന്വേഷണങ്ങൾക്കുശേഷം 2019-ൽ അർഹരായി കണ്ടെത്തിയവർക്ക് പ്ലോട്ട് കാണിച്ച് നൽകുന്നതിനുള്ള നടപടികൾ പുനഃരാരംഭിക്കുകയും ചെയ്തിരുന്നു. തറവില ഒടുക്കാത്ത ഗുണഭോക്താക്കൾക്ക് തുക ഒടുക്കാൻ വീണ്ടും അവസരം നൽകിക്കൊണ്ട് 14-09-2023-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ജീവനക്കാരുടെ കുറവുമൂലം പട്ടയനടപടികളിൽ കാലതാമസമുണ്ടാകുന്നതിനാൽ ദേവികുളം ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പ്രത്യേക സംഘം രൂപീകരിച്ച് പട്ടയ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കാനും അസൈൻമെന്റ് ലഭിച്ചവരുടെ അർഹത പരിശോധിച്ച് പട്ടയം വിതരണം ചെയ്യാനും ജില്ലാ കളക്ടർക്ക് അനുമതി നൽകിയിട്ടുണ്ട്. ഇടുക്കി, പത്തനംതിട്ട ജില്ലകളിലെ ഭൂപ്രശ്നങ്ങൾ പ്രത്യേകമായി പരിഹരിക്കാനും ഡിജിറ്റൽ റീസർവ്വെയുടെ സാധ്യതകൾ ഉൾപ്പെടുത്തി പട്ടയം ലഭിച്ചവർക്ക് സ്ഥലം അനുവദിക്കുന്നതിനുമായി ലാന്റ് റവന്യൂ കമ്മീഷണറേറ്റ് ജോയിന്റ് കമ്മീഷണർക്ക് പ്രത്യേക ചുമതല നൽകുന്ന കാര്യം പരിഗണിച്ചുവരികയാണ്.

(2) <u>കെട്ടിടനിർമ്മാണ മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ</u>

<u>ശ്രീ. യു. എ. ലത്തീഫ്</u>: കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട വിവിധ സേവനങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഒടുക്കേണ്ട നികുതിയിലും ഫീസിലുമുണ്ടായ ഭീമമായ വർദ്ധനവ് കാരണം ജനങ്ങൾ കടുത്ത പ്രതിസന്ധി നേരിടുകയാണ്. യാതൊരു മാനദണ്ഡവുമില്ലാതെ വർദ്ധിപ്പിച്ച നികുതി, ഫീസ് നിരക്കുകൾ പുനഃപരിശോധിക്കുകയും മാതൃകാ വാടക നിയന്ത്രണ നിയമം കൊണ്ടുവരികയും വേണം.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (<u>ശ്രീ. എം. ബി. രാജേഷ്</u>): തനത് വിഭവ സമാഹരണ വളർച്ച കൈവരിക്കണമെന്ന ധനകാര്യ കമ്മീഷൻ നിർദ്ദേശവും തദ്ദേശ സ്ഥാപന അദ്ധ്യക്ഷൻമാരുടെ ആവശ്യവും കണക്കിലെടുത്താണ് കാലാനുസൃതമായി തനത് വിഭവ സമാഹരണം വർദ്ധിപ്പിക്കുന്നതിന് സർക്കാർ അനുവാദം നൽകിയിട്ടുള്ളത്. സാമ്പത്തിക പ്രതിസന്ധിഘട്ടത്തിലും തദ്ദേശ സ്ഥാപനങ്ങൾക്കുള്ള ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിച്ചിട്ടുണ്ട്. വിശദമായ പഠനം നടത്തിയശേഷമാണ് കെട്ടിട നിർമ്മാണ പെർമിറ്റിന്റെയും അപേക്ഷാ ഫീസിന്റെയും പരിഷ്കരണം നടത്തിയിട്ടുള്ളത്. ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം വസ്തു നികുതിയിൽ 25% വർദ്ധനവ് വരുത്തണമെന്നിരിക്കെ ഓരോ വർഷവും 5%

വർദ്ധനവ് എന്ന രീതിയിൽ ലഘൂകരിക്കാനാണ് സർക്കാർ ശ്രമിച്ചിട്ടുള്ളത്. നിയമപ്രകാരം ക്ഷേമനിധി സെസ് 2% ഈടാക്കാമെങ്കിലും ഒരു ശതമാനം മാത്രമാണ് ഈടാക്കിയിട്ടുള്ളത്. സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസുകളിൽ കാലാനുസൃതമായ വർദ്ധനവ് മാത്രമാണുണ്ടായിട്ടുള്ളത്. കെട്ടിട നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനായി സംയുക്ത വികസന ഉടമ്പടിക്കുള്ള മുദ്രവില എട്ട് ശതമാനത്തിൽനിന്ന് ഒരു ശതമാനമായി കുറച്ചതോടൊപ്പം ഇവയുടെ രജിസ്ട്രേഷൻ ഫീസിലും കുറവ് വരുത്തിയിട്ടുണ്ട്. 1-4-2020-ന് ശേഷം ഒറ്റത്തവണ കെട്ടിട നികുതി നിരക്കിൽ വർദ്ധനവ് വരുത്തിയിട്ടില്ലാത്തതും മൂവായിരം സ്ക്വയർ ഫീറ്റിൽ കൂടുതലുള്ള കെട്ടിടങ്ങൾക്ക് മാത്രം ആഡംബര നികുതി ഈടാക്കുകയുമാണ് ചെയ്യുന്നത്. കണക്കുകൾ പ്രകാരം കെട്ടിട നിർമ്മാണ മേഖല പ്രതിസന്ധി നേരിടുന്നില്ലെന്നു മാത്രമല്ല വളർച്ച കൈവരിക്കാൻ സാധിച്ചിട്ടുമുണ്ട്.

## IV സബ്മിഷൻ

### (1) ഗുരുവായൂരിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ

ശ്രീ. എൻ. കെ. അക്ബർ: ഗുരുവായൂരിലെ അഭൂതപൂർവ്വമായ ജനത്തിരക്കും ഗതാഗതക്കുരുക്കും കണക്കിലെടുത്ത് ടെമ്പിൾ പോലീസ്

സ്റ്റേഷനിലെ അംഗബലം വർദ്ധിപ്പിക്കാനും പിൻവലിച്ച ട്രാഫിക് പോലീസ് യൂണിറ്റ് പുനഃസ്ഥാപിക്കാനുമുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പൊതുജനങ്ങളുടെ സൗകര്യാർത്ഥം സംസ്ഥാനത്തെ ട്രാഫിക് സംബന്ധമായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നത് ട്രാഫിക് സ്റ്റേഷനുകളിൽ നിന്നും അതത് ലോക്കൽ പോലീസ് സ്റ്റേഷനുകളിലേയ്ക്ക് മാറ്റിയിട്ടുണ്ട്. നൂതനസാങ്കേതിക വിദ്യ കൂടി സംയോജിപ്പിച്ച് ഗതാഗതനിയന്ത്രണത്തിനും റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിനും തീരുമാനിച്ചിട്ടുള്ളതിനാൽ പുതിയ ട്രാഫിക് സ്റ്റേഷനുകളോ യൂണിറ്റുകളോ സ്ഥാപിക്കാൻ നിലവിൽ ഉദ്ദേശിക്കുന്നില്ല.

(2) പനച്ചവീട്-കൊച്ചുവീട്ടിൽ മുക്ക്റോഡ് പുനർനിർമ്മാണം

ശ്രീ. രമേശ് ചെന്നിത്തല: റീബിൽഡ് കേരളയുടെ ഭാഗമായി നിർമ്മിച്ച പനച്ചവീട്-കൊച്ചുവീട്ടിൽ മുക്ക്റോഡ് പ്രവൃത്തിയിലെ ക്രമക്കേടുകൾ കണ്ടെത്തി കുറ്റക്കാർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കാനും പ്രസ്തുത റോഡ് സഞ്ചാരയോഗ്യമാക്കാനും നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണ-എക്സൈസ്, പാർലമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി ആലപ്പുഴ ജില്ലയിലെ ചേപ്പാട് പഞ്ചായത്തിൽ പനച്ചവീട്-കൊച്ചുവീട്ടിൽ

മുക്ക്റോഡ് പ്രവൃത്തിക്ക് 3.24 കോടി രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കി കരാർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു. ഗ്രാമീണ റോഡ് നിർമ്മാണത്തിനായി ആധുനിക സാങ്കേതികവിദ്യ പ്രയോഗിക്കുന്നതിന്റെ ഭാഗമായി ഈ റോഡിൽ റോഡ് സർഫസിംഗ് രീതി പരീക്ഷിക്കപ്പെട്ട ഭാഗത്താണ് വ്യാപകമായ പരാതി ഉയർന്നുവന്നിട്ടുള്ളത്. പരാതി ലഭിച്ചയുടൻ ഉന്നതതല സമിതി അംഗങ്ങൾ സ്ഥലം സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തുകയും റോഡിൽ താൽക്കാലികമായി സംഭവിച്ച പ്രതല വ്യതിയാനങ്ങൾ യഥാവിധി പരിഹരിച്ചുനൽകുന്നതാണെന്ന് ഉറപ്പുനൽകുകയും പണി പൂർത്തിയാക്കാനുള്ള നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. റോഡ് നിർമ്മാണത്തിലെ സാങ്കേതികത്വം മനസ്സിലാക്കി പണി പൂർത്തിയാക്കുന്നതിനുള്ള അന്തരീക്ഷം സംജാതമാക്കാൻ ബഹുമാനപ്പെട്ട എം.എൽ.എ. കൂടി ഇടപെടണമെന്ന് ആവശ്യപ്പെടുകയാണ്.

(3) മലപ്പുറത്ത് പ്ലസ് വൺ കോഴ്സിന് അധികസീറ്റ് അനുവദിക്കൽ

ശ്രീ. അഹമ്മദ് ദേവർകോവിൽ: മലപ്പുറം ജില്ലയിലെ പ്ലസ് വൺ കോഴ്സിനാവശ്യമായ സീറ്റുകൾ വർദ്ധിപ്പിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണം.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: മലപ്പുറം ജില്ലയിലെ പ്ലസ് വൺ കോഴ്സിന് അധിക ബാച്ച് അനുവദിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): മലപ്പുറം ജില്ലയിലെ ഹയർസെക്കണ്ടറി പ്ലസ് വൺ സീറ്റ് ക്ഷാമം പരിഹരിക്കുന്നതിനായി 2023-24-ൽ താൽക്കാലികമായി അനുവദിച്ചതും നിലനിർത്തിയതും ഷിഫ്റ്റ് ചെയ്തതുമായ ബാച്ചുകൾ നടപ്പ് അദ്ധ്യയനവർഷവും തുടരുന്നതിനും സർക്കാർ സ്കൂളുകളിൽ 30 ശതമാനവും എയ്ഡഡ് സ്കൂളുകളിൽ 20 ശതമാനവും ആവശ്യപ്പെടുന്ന എയ്ഡഡ് സ്കൂളുകൾക്ക് അധികമായി 10 ശതമാനവും മാർജിനൽ സീറ്റുകൾ വർദ്ധിപ്പിച്ച് നൽകാനും ഉത്തരവായിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം 79748 വിദ്യാർത്ഥികൾ ഉപരിപഠനത്തിന് യോഗ്യത നേടുകയും 12525 വിദ്യാർത്ഥികൾ എല്ലാ വിഷയങ്ങളിലും എ പ്ലസ് കരസ്ഥമാക്കുകയും ചെയ്തിട്ടുണ്ട്. ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി, ഐ.ടി., പോളിടെക്നിക് എന്നീ മേഖലകളിലായി 80670

സീറ്റുകൾ നിലവിലുണ്ട്. നാളിതുവരെ 53762 പേർ ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ പ്ലസ് വണ്ണിന് പ്രവേശനം നേടിയിട്ടുണ്ട്. സപ്ലിമെന്ററി അലോട്ട്മെന്റ് പൂർത്തിയാകുന്നതോടുകൂടി അവശേഷിക്കുന്ന സീറ്റുകളിലേക്ക് വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകാൻ സാധിക്കും. നിലവിൽ 7478 സീറ്റുകളുടെ കുറവ് മാത്രമാണുള്ളത്. വിദ്യാർത്ഥി സംഘടനാ പ്രതിനിധികളുമായും പ്രതിപക്ഷ നേതാവുമായും പ്രതിപക്ഷ ഉപനേതാവുമായും ചർച്ച ചെയ്ത് പ്രശ്ന പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(4) മത്സ്യത്തൊഴിലാളി ക്ഷേമനിധി അംഗങ്ങളുടെ വിധവകൾക്ക് പെൻഷൻ

ശ്രീ. പി. പി. ചിത്തരഞ്ജൻ: മത്സ്യത്തൊഴിലാളി ക്ഷേമനിധി അംഗങ്ങളുടെ വിധവകൾക്ക് നൽകിക്കൊണ്ടിരുന്ന പെൻഷൻ പുന:സ്ഥാപിക്കാനും വിദ്യാഭ്യാസ ഗ്രാന്റ് ഇനത്തിലെ കുടിശ്ശിക നൽകാനും നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): അവശത/കുടുംബ പെൻഷൻ കുടിശ്ശിക, മറ്റാനുകൂല്യങ്ങൾ എന്നിവയ്ക്കുള്ള തുക ക്ഷേമനിധി ബോർഡുകൾ സ്വന്തം ഫണ്ടിൽനിന്നാണ് കണ്ടെത്തേണ്ടത്.

വിധവാ പെൻഷൻ ആനുകൂല്യം അനുവദിക്കേണ്ടത് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡാണ്. ആനുകൂല്യങ്ങൾ നൽകാൻ കഴിയാത്ത ബോർഡുകൾക്ക് സർക്കാരിന്റെ ധനസ്ഥിതിയനുസരിച്ച് പ്രത്യേക ധനസഹായം നൽകിവരുന്നുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്ന മാനദണ്ഡപ്രകാരം അർഹരായ മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ്, ട്യൂഷൻ/പരീക്ഷാ ഫീസ്, പോക്കറ്റ് മണി തുടങ്ങിയവ അനുവദിക്കുന്നുണ്ട്. 2024-25 സാമ്പത്തികവർഷം നോൺ പ്ലാൻ ഇനത്തിൽ 27.5 കോടി രൂപയും പ്ലാൻ ഇനത്തിൽ 9.28 കോടി രൂപയും മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നതിനായി വകയിരുത്തിയിട്ടുണ്ട്. ഫണ്ട് അനുവദിക്കുന്നതിനായി മത്സ്യബന്ധന വകുപ്പ് ഡയറക്ടർ പ്രൊപ്പോസൽ ലഭ്യമാക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. അർഹരായ എല്ലാ വിദ്യാർത്ഥികൾക്കും കുടിശ്ശികരഹിതമായി വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

## (5) കോതമംഗലം നിയോജകമണ്ഡലത്തിലെ വന്യമൃഗശല്യം

ശ്രീ. ആന്റണി ജോൺ: കോതമംഗലം നിയോജകമണ്ഡലത്തിലെ പിണ്ടിമന, കവളങ്ങാട്, കുട്ടമ്പുഴ, കോട്ടപ്പടി, കീരംപാറ മേഖലകളിലെ

വന്യമൃഗശല്യം തടയുന്നതിന് ഫലപ്രദമായ പ്രതിരോധമാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനും കൃഷിനാശമുണ്ടാകുന്ന കർഷകർക്ക് സമയബന്ധിതമായി നഷ്ടപരിഹാരം നൽകുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): മൂന്നാർ വനം ഡിവിഷന്റെ പരിധിയിൽ കുട്ടമ്പുഴ പഞ്ചായത്തിൽ കൃഷി വകുപ്പുമായി സഹകരിച്ച് ആർ.കെ.വി.വൈ. പദ്ധതിയിലെ ഫണ്ടുപയോഗിച്ച് 12 കിലോമീറ്റർ ദൂരത്തിൽ സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്നതിനും കുട്ടമ്പുഴ, കവളങ്ങാട് പഞ്ചായത്തുകളിലെ വിവിധ ഭാഗങ്ങളിൽ നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി 8 കിലോമീറ്റർ ആനക്കിടങ്ങും 9.25 കിലോമീറ്റർ സോളാർ തൂക്കുവേലിയും നിർമ്മിക്കുന്നതിനും അനുവാദം നൽകിയിട്ടുണ്ട്. മലയാറ്റൂർ ഡിവിഷനുകീഴിൽ 28 ലക്ഷം രൂപ വിനിയോഗിച്ച് 11 കിലോമീറ്റർ തൂക്കുവേലി നിർമ്മിച്ചിട്ടുണ്ട്. വന്യജീവി ആക്രമണവുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരം ആവശ്യപ്പെട്ടുകൊണ്ട് 2024 മാർച്ച് മാസം വരെ ലഭ്യമായിട്ടുള്ള അപേക്ഷകളിൽ തീർപ്പുകൽപ്പിച്ചിട്ടുണ്ട്.

## (6) മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ വന്യജീവിശല്യം നേരിടുന്നതിന് നടപടി

ഡോ. മാത്യു കുഴൽനാടൻ: മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ മുള്ളരിങ്ങാട്, നീണ്ടപാറ, കാഞ്ഞിരവേലി, പൈങ്ങോട്ടൂർ, ചാത്തമറ്റം പ്രദേശങ്ങളിലെ വന്യജീവിശല്യം നേരിടുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന പ്രതിരോധമാർഗ്ഗങ്ങളെക്കുറിച്ച് സർവ്വകക്ഷി യോഗം വിളിച്ച് വിശകലനം ചെയ്യുന്നതിനും ആനശല്യം തടയുന്നതിന് ഫലപ്രദമായ രീതിയിൽ ഫെൻസിംഗ് നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): തലക്കോട്-മുള്ളരിങ്ങാട് പി.ഡബ്ല്യു.ഡി. റോഡിന്റെ വലതുഭാഗത്താണ് ആനശല്യം കൂടുതലായിട്ടുള്ളതെങ്കിലും ഇടതുഭാഗത്ത് ഫെൻസിംഗ് നിർമ്മിച്ചാൽ മാത്രമേ പ്രയോജനമുള്ളൂവെന്ന പൈങ്ങോട്ടൂർ, കവളങ്ങാട്, വണ്ണപ്പുറം ഗ്രാമപഞ്ചായത്തുകളിലെ പ്രസിഡന്റുമാരുടെ നിർദ്ദേശമനുസരിച്ചാണ് എലിഫന്റ് പദ്ധതിയിലുൾപ്പെടുത്തി അവിടെ 3 കിലോമീറ്റർ വൈദ്യുതിവേലി നിർമ്മിച്ചിട്ടുള്ളത്. ചുള്ളിക്കണ്ടം ചെക്ക്പോസ്റ്റ് മുതൽ പനങ്കുഴി വരെ ഒന്നര കിലോമീറ്റർ സൗരോർജ്ജവേലി സ്ഥാപിച്ചാൽ മാത്രമേ പ്രവൃത്തി

പൂർണ്ണമായും ഫലപ്രാപ്തിയിലെത്തുകയുള്ളൂ. മൂന്നാർ ഡിവിഷനിലെ നേര്യമംഗലം റെയ്ഞ്ചിൽപ്പെട്ട വാളറ ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽപ്പെട്ട വിവിധ സ്ഥലങ്ങളിൽ സൗരോർജ്ജ തൂക്കുവേലി സ്ഥാപിക്കുന്നതിന് നബാർഡ് പദ്ധതിയിലുൾപ്പെടുത്തി അംഗീകാരം ലഭിച്ചിട്ടുണ്ട്. ജനങ്ങളുടെ ഭീതി കണക്കിലെടുത്ത് കോതമംഗലം ഡിവിഷൻ പരിധിയിൽ ഒരു ആർ.ആർ.ടി. കൂടി അനുവദിക്കുകയും 24 മണിക്കൂറും പ്രവർത്തനസജ്ജമായിട്ടുള്ള എമർജൻസി ഓപ്പറേഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(7) പരപ്പനങ്ങാടി പ്ലാനറ്റോറിയം & സയൻസ് പാർക്ക് നിർമ്മാണം

ശ്രീ. കെ. പി. എ. മജീദ്: തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടി പ്ലാനറ്റോറിയം & സയൻസ് പാർക്കിന്റെ കെട്ടിടത്തിന്റെയും ചുറ്റുമതിലിന്റെയും നിർമ്മാണം പൂർത്തീകരിക്കാനും മെഷീനറികളും അനുബന്ധ സൗകര്യങ്ങളും ഏർപ്പെടുത്തി പ്രവർത്തനസജ്ജമാക്കാനുമാവശ്യമായ നടപടി സ്വീകരിക്കണം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): കേരള ശാസ്ത്രസാങ്കേതിക മ്യൂസിയത്തിന്റെ പരപ്പനങ്ങാടി മേഖലാ ശാസ്ത്ര കേന്ദ്രത്തിന് അനുവദിച്ച സ്ഥലത്തിന് ചുറ്റുമതിൽ നിർമ്മിക്കാൻ ഹാബിറ്റാറ്റ്

ടെക്നോളജി ഗ്രൂപ്പിന് തുക കൈമാറിയെങ്കിലും പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ പൂർത്തിയായ പ്രവൃത്തികളുടെ അളവ് തിട്ടപ്പെടുത്താൻ പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിലെ എൻജിനീയറിംഗ് വിഭാഗത്തെ ഏൽപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് സമർപ്പിച്ച എം.ബുക്കിൽ മതിയായ സാക്ഷ്യപ്പെടുത്തലില്ലാതിരുന്നതിനാൽ തദ്ദേശസ്വയംഭരണ വകുപ്പ് അത് അംഗീകരിക്കാത്ത സാഹചര്യത്തിൽ മറ്റ് പരിഹാര നിർദ്ദേശങ്ങൾ പരിശോധിച്ചുവരികയാണ്. പ്ലാനറ്റോറിയവും ഗ്യാലറിയും അടങ്ങിയ പ്രധാന കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എൻജിനീയറിംഗ് കമ്പനി ലിമിറ്റഡ് പൂർത്തിയാക്കി മ്യൂസിയത്തിന് കൈമാറിയിട്ടുണ്ട്. ശാസ്ത്ര കേന്ദ്രത്തിൽ വൈദ്യുതിയും കുടിവെള്ളവും ലഭ്യമാക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിച്ചുവരുന്നു. നടപ്പുവർഷത്തിൽ പരപ്പനങ്ങാടി മേഖലാ ശാസ്ത്ര കേന്ദ്രത്തിന്റെ ചുറ്റുമതിൽ പൂർത്തീകരിക്കാനും പോപ്പുലർ സയൻസ് ഗ്യാലറി സ്ഥാപിക്കാനുമായി 190 ലക്ഷം രൂപയുടെ പ്രൊപ്പോസലുകൾ വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിച്ച് ഭരണാനുമതി നൽകാനുള്ള നടപടി സ്വീകരിച്ചുവരികയാണ്. സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് ഈ കേന്ദ്രം

ജനങ്ങൾക്കായി തുറന്നുകൊടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നുണ്ട്.

(8) ആക്കുളം കായൽ പുനരുജ്ജീവന പദ്ധതി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: ആക്കുളം കായൽ പുനരുജ്ജീവന പദ്ധതി അടിയന്തരമായി ആരംഭിക്കുന്നതിനും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): കിഫ്ബിയിലുൾപ്പെടുത്തി നടപ്പിലാക്കുന്ന ആക്കുളം കായലിന്റെയും അനുബന്ധ കായലുകളുടെയും നവീകരണ പദ്ധതിക്ക് മന്ത്രിസഭായോഗം അംഗീകാരം നൽകുകയും കരാറുകാരെ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. കരാർ വ്യവസ്ഥകൾ പരിശോധിക്കുന്നതിനായി കിഫ്ബിയുടെ മേൽനോട്ടത്തിൽ രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചാലുടൻ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(9) <u>ഉപദേശിക്കടവ് പാലം-അപ്രോച്ച് റോഡ് നിർമ്മാണം</u>

<u>ശ്രീ. മാത്യു ടി. തോമസ്</u>: തിരുവല്ല നിയോജകമണ്ഡലത്തിലെ ഉപദേശിക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>): തിരുവല്ല നിയോജകമണ്ഡലത്തിലെ ഉപദേശിക്കടവ് പാലത്തിന്റെ പെയിന്റിംഗ് ഒഴികെയുള്ള പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. പരുമല ഭാഗത്തെ അപ്രോച്ച് റോഡിന്റെ പണി പുരോഗമിക്കുകയാണ്. പ്രാവിൻകൂട് ഭാഗത്തെ അപ്രോച്ച് റോഡിനായുള്ള പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. പരുമല തീർത്ഥാടനത്തിനുമുമ്പ് പാലത്തിന്റെ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ശ്രമിക്കുന്നതാണ്.

## V ഗവൺമെന്റ് പ്രമേയം

<u>സംസ്ഥാനത്തിന്റെ നാമധേയം 'കേരളം' എന്ന് ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച്</u>

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): "നമ്മുടെ സംസ്ഥാനത്തിന്റെ നാമധേയം മലയാള ഭാഷയിൽ കേരളം എന്നാണ്. ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപവൽക്കരിക്കപ്പെട്ടത് 1956 നവംബർ 1-നാണ്.

കേരളപ്പിറവി ദിനവും നവംബർ 1-നാണ്. മലയാള ഭാഷ സംസാരിക്കുന്ന ജനവിഭാഗങ്ങൾക്കായി ഐക്യകേരളം രൂപപ്പെടണമെന്നത് ദേശീയ സ്വാതന്ത്ര്യസമര കാലം മുതൽ ശക്തിയായി ഉയർന്നുവന്നിരുന്ന ആവശ്യമാണ്. എന്നാൽ ഭരണഘടനയുടെ ഒന്നാം പട്ടികയിൽ നമ്മുടെ സംസ്ഥാനത്തിന്റെ പേര് 'കേരള' എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് 'കേരളം' എന്നാക്കി ഭേദഗതി വരുത്തുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ ഭരണഘടനയുടെ അനുച്ഛേദം 3 പ്രകാരം കൈക്കൊള്ളണമെന്ന് ഈ സഭ കേന്ദ്ര സർക്കാരിനോട് ഐകകണ്ഠ്യേന ആവശ്യപ്പെടുന്നു." എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജൻ</u>): പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: പ്രമേയത്തിന്റെ മൂന്നാമത്തെ വരിയിലെ '1956 നവംബർ 1-നാണ് ' എന്നതിന് ശേഷമുള്ള ഭാഗം ഇനി പറയുന്ന പ്രകാരം മാറ്റണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

"ഭാഷ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപവൽക്കരിക്കുന്നതിന്റെ ഭാഗമായി മലയാള ഭാഷ സംസാരിക്കുന്ന ജനവിഭാഗങ്ങൾക്കായി 1956 നവംബർ 1-ന് കേരള സംസ്ഥാനം രൂപീകരിക്കുകയുണ്ടായി.

മലയാളഭാഷയിൽ കേരളം എന്നാണ് പറയുന്നതെങ്കിലും ഇംഗ്ലീഷിൽ ഇത് കേരള എന്നാണ് ഉപയോഗിച്ചിരുന്നത്. അതുകൊണ്ടുതന്നെ പല രേഖകളിലും കേരളം എന്ന സംസ്ഥാനത്തിന്റെ പേര് കേരള എന്നായി പ്രയോഗിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഇവ പൂർണ്ണമായും തിരുത്തി കേരളം എന്ന പ്രയോഗത്തിലേക്ക് കൊണ്ടുവന്നിട്ടുമുണ്ട്. എന്നാൽ ഭാരതത്തിന്റെ ഭരണഘടനയിലെ ഒന്നാം പട്ടികയിൽ സംസ്ഥാനത്തിന്റെ പേര് കേരള എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് മാറ്റി കേരളം എന്നാക്കി കിട്ടേണ്ടത് സംസ്ഥാനത്തിന്റെ ന്യായമായ ആവശ്യമാണ്. ഇക്കാര്യത്തിനായി ഭരണഘടനയുടെ അനുച്ഛേദം 3 പ്രകാരമുള്ള നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുവാൻ കേരള നിയമസഭ കേന്ദ്ര സർക്കാരിനോട് ഐകകണ്ഠ്യേന ആവശ്യപ്പെടുന്നു".

ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): ബഹുമാന്യനായ അംഗം പറഞ്ഞ കാര്യങ്ങളെല്ലാം ഈ പ്രമേയത്തിൽ ഉൾക്കൊള്ളുന്നതുകൊണ്ട് ഭേദഗതി സ്വീകരിക്കേണ്ടതില്ല.

ഭേദഗതി സഭ നിരാകരിച്ചു.

പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചു.

## VI ധനകാര്യം

### <u>2024-25 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും</u>

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ V - ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും
(273,95,44,000 രൂപ)

ധനാഭ്യർത്ഥന നമ്പർ VII - മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും
(211,94,23,000 രൂപ)

ധനാഭ്യർത്ഥന നമ്പർ X - ട്രഷറികളും അക്കൗണ്ടുകളും
(250,43,80,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XVI - പെൻഷനും പലവകയും
(27589,79,39,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXVIII - പലവക സാമ്പത്തിക സർവ്വീസുകൾ
(3235,91,71,000 രൂപ)

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ VI - ഭൂനികുതി

(547,02,11,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XI- ജില്ലാഭരണവും പലവകയും

(606,64,02,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXI - ഭവനനിർമ്മാണം

(87,76,25,000 രൂപ)

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXVI - പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന്
(1078,02,13,000 രൂപ)

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): ഉപക്ഷേപങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയേയും ഭൂനികുതി എന്ന VI-ാം നമ്പർ

ധനാഭ്യർത്ഥനയേയും മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയേയും ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയേയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയേയും പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയേയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയേയും പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയേയും പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. പി. നന്ദകുമാർ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നികുതി വിഹിതവും കടമെടുക്കാനുള്ള അവകാശവും നിഷേധിച്ച് കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിനെ സാമ്പത്തിക പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. സംസ്ഥാനത്തിന്റെ ഫെഡറൽ സംവിധാനത്തെ അട്ടിമറിക്കുന്ന നയമാണ് കേന്ദ്രസർക്കാർ സ്വീകരിച്ചുവരുന്നത്. പ്രതിസന്ധികൾക്കിടയിലും നിരവധി വികസനപ്രവർത്തനങ്ങൾ നടപ്പിലാക്കാൻ സംസ്ഥാന സർക്കാരിന്

കഴിഞ്ഞിട്ടുണ്ട്. കേന്ദ്രവിഹിതം വെട്ടിക്കുറച്ചതിലൂടെ ആരോഗ്യ/വിദ്യാഭ്യാസ മേഖലകളിൽ പ്രതിസന്ധി സൃഷ്ടിച്ചിരിക്കുകയാണ്. സംസ്ഥാനത്ത് ധന/റവന്യൂ കമ്മി കുറയുന്നുണ്ടെങ്കിലും മൂലധന ചെലവ് കൂടുകയാണ്. പ്രതിസന്ധികളിൽ നിന്നുകൊണ്ടുതന്നെ അടിസ്ഥാന ജനവിഭാഗത്തിന് ചെയ്തുകൊടുക്കാൻ കഴിയുന്ന സേവനങ്ങൾ സംബന്ധിച്ച് ഒരു പഠനം നടത്തണം. സർക്കാർ സേവനങ്ങൾ കുറഞ്ഞ ചെലവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കാനും ഭരണനിർവ്വഹണത്തിൽ കാര്യക്ഷമതയും ഗുണമേന്മയും വർദ്ധിപ്പിക്കാനും രജിസ്ട്രേഷൻ വകുപ്പിന് കഴിഞ്ഞത് അഭിനന്ദനാർഹമാണ്.

ശ്രീ. വി. ശശി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. രാജീവ് ദശലക്ഷം പാർപ്പിട പദ്ധതിയുൾപ്പെടെയുള്ള വിവിധ പദ്ധതികളിലൂടെ കഴിഞ്ഞ 8 വർഷംകൊണ്ട് 3,30,114 പട്ടയങ്ങൾ വിതരണം ചെയ്യാൻ റവന്യൂ വകുപ്പിന് സാധിച്ചിട്ടുണ്ട്. റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി ഇരുന്നൂറ് വില്ലേജുകളിൽ 1.69 ലക്ഷം ഹെക്ടർ സ്ഥലത്തിന്റെ ഡിജിറ്റൽ റീസർവേ പൂർത്തിയാക്കിയിട്ടുണ്ട്. പ്രവാസികളുടെ പരാതികളിന്മേൽ കൈക്കൊള്ളുന്ന നടപടികളും തീരുമാനങ്ങളും അവരെ അറിയിക്കാനായി പ്രവാസിമിത്രം പോർട്ടലും പ്രവാസി സെല്ലും രൂപീകരിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. ആധാർ അധിഷ്ഠിത യുണീക് തണ്ടപ്പേർ

സംവിധാനത്തിലൂടെ ഒരാളുടെ പേരിലുള്ള എല്ലാ ഭൂമിയും ഒറ്റ തണ്ടപ്പേരിലാക്കിയതും മൂന്ന് ലക്ഷത്തോളം ഭൂമി തരംമാറ്റൽ അപേക്ഷകൾ തീർപ്പാക്കാൻ കഴിഞ്ഞതും അഭിനന്ദനാർഹമാണ്. ഫയൽ അദാലത്ത്, റവന്യൂ കോൾ സെന്റർ, റവന്യൂ ഇൻഫർമേഷൻ ബ്യൂറോ, ഭൂമിക, യൂട്യൂബ് ചാനൽ, ജില്ലാതല ജനകീയ സമിതികൾ തുടങ്ങിയവയിലൂടെ റവന്യൂ വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ജനകീയമാക്കാൻ സാധിച്ചിട്ടുണ്ട്.

ശ്രീ. മഞ്ഞളാംകുഴി അലി: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്തിന്റെ ആളോഹരി കടം വർദ്ധിക്കുകയും നികുതിവരുമാനം കുറയുകയും ചെയ്തിട്ടുണ്ട്. ജി.എസ്.ടി. എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുന്നതോടൊപ്പം നികുതിചോർച്ച തടയാനും കുടിശ്ശിക പിരിച്ചെടുക്കാനും നടപടി സ്വീകരിക്കണം. ജനങ്ങളുടെമേൽ അധിക നികുതിഭാരം അടിച്ചേൽപ്പിച്ചും വികസന പദ്ധതികൾക്കായെടുക്കുന്ന വായ്പകൾ വകമാറ്റിച്ചെലവഴിച്ചും ധനകാര്യ മാനേജ്മെന്റിന്റെ വിശ്വാസ്യത നഷ്ടപ്പെടുത്തുകയും ജനജീവിതം ദുസ്സഹമാക്കുകയും ചെയ്യുന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. ഭൂമിയുടെ അടിസ്ഥാനവിലയിൽ വർദ്ധനവ് വരുത്തിയത് ആധാര രജിസ്ട്രേഷനിൽ കുറവുണ്ടാകാൻ കാരണമായിട്ടുണ്ട്.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. അർഹമായ നികുതിവിഹിതം നിഷേധിച്ചും കടമെടുപ്പ് പരിധി വെട്ടിക്കുറച്ചും സംസ്ഥാനത്തെ സാമ്പത്തികമായി ഞെരുക്കുന്ന കേന്ദ്രനിലപാടിനെതിരെ പ്രതിപക്ഷം പ്രതികരിക്കാത്തത് അപലപനീയമാണ്. കോടതി വ്യവഹാരങ്ങളിൽ ഏർപ്പെടുത്തിയ ഫീസ് വർദ്ധനവ് പിൻവലിക്കണം. യൂണീക്ക് തണ്ടപ്പേർ, ഡിജിറ്റൽ റീസർവ്വേ, പട്ടയം വിതരണം തുടങ്ങി ജനോപകാരപ്രദമായ നടപടികളുമായി മുന്നോട്ടുപോകുന്ന റവന്യൂ വകുപ്പിന്റെ പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. ഭൂപരിഷ്കരണ നിയമത്തിൽ കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിന് ഭൂപരിഷ്കരണ കമ്മീഷനെ നിയമിക്കുന്നതിനും തരംമാറ്റം ചെയ്യപ്പെട്ട ഭൂമിയുടെ വിനിയോഗവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. എൻ. കെ. അക്ബർ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതത്തിൽ കുറവ് വരുത്തിയതും കടമെടുപ്പുപരിധി വെട്ടിക്കുറച്ചതും സംസ്ഥാനത്തിന്റെ വികസനപ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. മൂന്ന് ലക്ഷം

ഭൂമി തരംമാറ്റൽ അപേക്ഷകൾ തീർപ്പാക്കാൻ കഴിഞ്ഞതും 330114 പേർക്ക് പട്ടയം വിതരണം ചെയ്യാനായതും പട്ടയ അസംബ്ലി സംഘടിപ്പിക്കാനായതും 478 വില്ലേജ് ഓഫീസുകൾ സ്മാർട്ടാക്കാനായതും ഡിജിറ്റൽ റീസർവ്വേ, റവന്യൂ ഭവൻ നിർമ്മാണം എന്നിവ ആരംഭിക്കാനായതും സർക്കാരിന്റെ പ്രവർത്തനമികവ് വ്യക്തമാക്കുന്നതാണ്. ചാവക്കാട് താലൂക്ക് ഓഫീസ് പൈതൃക മന്ദിരമാക്കുന്നതിനും ചേറ്റുവയിൽ രാമു കാര്യാട്ടിന്റെ പേരിൽ തിയേറ്റർ സമുച്ചയം സ്ഥാപിക്കുന്നതിന് സ്ഥലം അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം. രജിസ്ട്രേഷൻ വകുപ്പിൽ e-stamping, anywhere registration സംവിധാനങ്ങളേർപ്പെടുത്താൻ കഴിഞ്ഞത് സ്വാഗതാർഹമാണ്.

<u>ശ്രീ. കെ. ആൻസലൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആരോഗ്യമേഖലയുൾപ്പെടെ സമസ്തമേഖലകളിലും മികച്ച നേട്ടം കൈവരിക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. വില്ലേജ് ഓഫീസുകൾ ജനസൗഹൃദമാക്കുന്നതിനുള്ള നടപടികൾ സ്വാഗതാർഹമാണ്. നെയ്യാറ്റിൻകര നഗരസഭാ പരിധിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അതിയന്നൂർ വില്ലേജ് ഓഫീസിനെ പഞ്ചായത്ത് പരിധിയിലാക്കാൻ നടപടി

സ്വീകരിക്കണം. നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ രക്തസാക്ഷി മണ്ഡപത്തെ പൈതൃക മന്ദിരമാക്കി മാറ്റുന്നതിനും സബ്‌രജിസ്ട്രാർ ഓഫീസിന് പുതിയ മന്ദിരം നിർമ്മിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. എം. വിൻസെന്റ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ബഡ്ജറ്റ് വിഹിതം വകുപ്പുകൾക്ക് യഥാസമയം അനുവദിച്ചുനൽകാത്തതും പദ്ധതിച്ചെലവുകൾ വെട്ടിച്ചുരുക്കിയതും നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ കഴിയാത്തതും സംസ്ഥാനത്തിന്റെ കെടുകാര്യസ്ഥതയെ സൂചിപ്പിക്കുന്നതാണ്. കടമെടുപ്പ് പരിധി ഉയർത്തുന്നതിനുള്ള നടപടി കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകാത്തത് പ്രതിഷേധാർഹമാണ്. ലോട്ടറിയിൽനിന്ന് വരുമാനമുണ്ടായിട്ടും കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി മുഖാന്തരം സാധാരണക്കാർക്ക് യാതൊരു ആനുകൂല്യവും ലഭ്യമാകുന്നില്ല. യഥാസമയം ഫണ്ട് ലഭിക്കാത്തതിനാൽ സർക്കാർ പദ്ധതികൾ ഏറ്റെടുത്ത് നടത്താൻ ഏജൻസികൾ തയ്യാറാകുന്നില്ല. ക്ഷേമപെൻഷൻ കുടിശ്ശിക വിതരണം ചെയ്യുന്നതിനോ സിവിൽ സപ്ലൈസ് ഔട്ട്‌ലെറ്റുകളിൽ സാധനങ്ങൾ ലഭ്യമാക്കുന്നതിനോ സർക്കാർ ജീവനക്കാർക്ക് അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനോ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല.

ആധാരമെഴുത്തുകാരുടെ ജോലി നഷ്ടപ്പെടാതിരിക്കാനും അവരുടെ ഫീസ് വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. കെ. ഡി. പ്രസേനൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനം രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിലും എല്ലാ വകുപ്പുകളെയും ശാക്തീകരിക്കാനുള്ള ധന വകുപ്പിന്റെ നടപടി അഭിനന്ദനാർഹമാണ്. കേരളത്തിന് അവകാശപ്പെട്ട സാമ്പത്തിക സഹായം ലഭ്യമാക്കാത്ത കേന്ദ്ര ഗവൺമെന്റ് നടപടിക്കെതിരെ പ്രതികരിക്കാൻ പ്രതിപക്ഷം തയ്യാറാകണം. ക്ഷേമ പെൻഷൻ അട്ടിമറിക്കാനും നെല്ല് സംഭരണവില സമയബന്ധിതമായി നൽകുന്നത് തടയാനും കിഫ്ബി പദ്ധതികൾ പാതിവഴിയിൽ തടസ്സപ്പെടുത്തുന്നതിനുമുള്ള പ്രതിപക്ഷ നീക്കം അപലപനീയമാണ്. ജില്ലയിലെ ഏത് സബ്‌രജിസ്ട്രാർ ഓഫീസിൽനിന്നും ഭൂമി രജിസ്റ്റർ ചെയ്യാനും രജിസ്ട്രേഷനുള്ള തീയതിയും സമയവും മുൻകൂട്ടി ബുക്ക് ചെയ്യാനും സൗകര്യം ഏർപ്പെടുത്തിയതും ഒരു ലക്ഷത്തിനുമുകളിൽ മുദ്രവില വരുന്ന ആധാരങ്ങൾക്ക് ഇ-സ്റ്റാമ്പിംഗ് സൗകര്യം ഏർപ്പെടുത്തിയതും കിഫ്ബി ഫണ്ടിലൂടെ സബ്‌രജിസ്ട്രാർ ഓഫീസുകൾക്ക് ആധുനിക കെട്ടിടങ്ങൾ നിർമ്മിക്കുന്നതും സ്വാഗതാർഹമാണ്. ആലത്തൂർ നിയോജകമണ്ഡലത്തിലെ കുഴൽമന്ദം

രജിസ്ട്രാർ ഓഫീസിന്റെ കെട്ടിട നിർമ്മാണം പുനരാരംഭിക്കാൻ നടപടി സ്വീകരിക്കണം. റവന്യൂ വകുപ്പിൽ ഡിജിറ്റൽ റീസർവ്വേ നടപ്പാക്കുന്നതും സംസ്ഥാനത്തിന്റെ ശാസ്ത്രീയ സർവ്വേ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതും കൊച്ചി മറൈൻ ഡ്രൈവിൽ ഇക്കോ ബിസിനസ് ഹബ് നിർമ്മിക്കുന്നതും അഭിനന്ദനാർഹമാണ്. ഭൂമിയുടെ ന്യായ വില നിശ്ചയിച്ചതിലെ അപകാതകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കണം. ലക്ഷംവീടുകൾ ഒറ്റവീടുകളാക്കി പുനർനിർമ്മിക്കാൻ നടപടി സ്വീകരിക്കണം. ശബരിമല ഉൾപ്പെടെയുള്ള ക്ഷേത്രങ്ങളിലെ വരുമാനം സർക്കാർ ഖജനാവിലേയ്ക്ക് പോകുന്നു എന്ന രീതിയിലുള്ള വ്യാജപ്രചാരണം തുറന്നുകാണിക്കാൻ കണക്കുകൾ പരസ്യപ്പെടുത്തണം.

<u>ശ്രീ. റോജി എം. ജോൺ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സമസ്തമേഖലകളിലും ജനങ്ങൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങളിൽ കുടിശ്ശിക വരുത്തിയതിലൂടെ സർക്കാരിന്റെ ഫിനാൻഷ്യൽ മാനേജ്മെന്റിന്റെ കെടുകാര്യസ്ഥതയാണ് വെളിവാകുന്നത്. സംസ്ഥാനത്തിന്റെ തനത് വരുമാനമോ നികുതി വരുമാനമോ വർദ്ധിപ്പിക്കുന്നതിന് യാതൊരു നടപടിയും ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. സംസ്ഥാനം നേരിടുന്ന ഗുരുതര സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാനുതകുന്ന പദ്ധതികൾ

ആവിഷ്കരിക്കാനോ മുടങ്ങിയ ക്ഷേമപെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കാനോ ആവശ്യമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുന്നില്ല.

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്തെ സാമ്പത്തികമായി ഞെരുക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ നടപടികൾക്കിടയിലും തനത് വരുമാനം വർദ്ധിപ്പിച്ച് വികസനം സാധ്യമാക്കുന്ന ധനകാര്യ മാനേജ്മെന്റ് അഭിനന്ദനമർഹിക്കുന്നു. ജില്ലയിലെ ഏത് സബ്‌രജിസ്ട്രാർ ഓഫീസിൽനിന്നും ഭൂമി രജിസ്റ്റർ ചെയ്യാൻ സൗകര്യമൊരുക്കിയതിലൂടെ 16200 രജിസ്ട്രേഷനുകൾ നടത്താനായിട്ടുണ്ട്. സഹകരണ ബാങ്കിലെ ഗഹാൻ ഫയലിംഗിന് ഓൺലൈൻ സൗകര്യമൊരുക്കാനും 315 സബ് രജിസ്ട്രാർ ഓഫീസുകൾ ഓൺലൈനാക്കാനും കിഫ്ബി മുഖേന 48 സബ്‌രജിസ്ട്രാർ ഓഫീസുകൾ പുതുക്കിപ്പണിയാനും പ്രവാസി ചിട്ടിക്ക് ഓൺലൈൻ രജിസ്ട്രേഷൻ ഏർപ്പെടുത്താനും സാധിച്ചിട്ടുണ്ട്. 478 വില്ലേജ് ഓഫീസുകൾ സ്മാർട്ടാക്കിയതിന് പുറമെ എട്ട് വർഷത്തിനുള്ളിൽ 333114 പട്ടയങ്ങൾ വിതരണം ചെയ്യാനും പട്ടയ അദാലത്തുകൾ സംഘടിപ്പിക്കാനും വില്ലേജ് ഓഫീസുകളിലെ ജനകീയ കമ്മിറ്റികൾ മാസത്തിലൊരിക്കൽ ചേരുന്നുവെന്ന്

ഉറപ്പുവരുത്താനും വനമേഖലയിൽ പട്ടയങ്ങൾ ലഭ്യമാക്കാൻ കേന്ദ്ര വനം വകുപ്പുമായി ബന്ധപ്പെട്ട് ആവശ്യമായ ഇടപെടലുകൾ നടത്താനും ഇക്കാലയളവിൽ കഴിഞ്ഞിട്ടുണ്ട്. പുതുക്കാട് മണ്ഡലത്തിൽ ഭവനനിർമ്മാണ ബോർഡിന് കീഴിലുള്ള സ്ഥലം ലൈഫ് ഭവന പദ്ധതി പ്രകാരം വിതരണം ചെയ്യുന്നതിനുവേണ്ടി കൊടകര ബ്ലോക്ക് പഞ്ചായത്ത് സമർപ്പിച്ച അപേക്ഷ അനുകൂലമായി പരിഗണിക്കാനും മണ്ഡലത്തിലെ പട്ടയവിതരണ നടപടികൾ ത്വരിതപ്പെടുത്താനും നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ. പ്രേംകുമാർ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ വികസനപ്രവർത്തനങ്ങൾക്കുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങളെ എതിർക്കുന്ന പ്രതിപക്ഷ നിലപാട് ദൗർഭാഗ്യകരമാണ്. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ച പദ്ധതികളുടെ നടത്തിപ്പിനൊപ്പം പുതിയ പദ്ധതികൾ ഏറ്റെടുത്തുകൊണ്ട് സമസ്ത മേഖലകളിലും വികസനമെത്തിക്കുന്നതിനുള്ള ശ്രദ്ധേയമായ ഇടപെടലാണ് സർക്കാർ കിഫ്ബിയിലൂടെ നടത്തിക്കൊണ്ടിരിക്കുന്നത്. കിഫ്ബിയുടെയും പെൻഷൻ ഫണ്ട് ബോർഡിന്റെയും വായ്പ സംസ്ഥാനത്തിന്റെ പൊതുകടത്തിൽപ്പെടുത്തി വായ്പാപരിധി വെട്ടിക്കുറയ്ക്കുന്ന കേന്ദ്ര നിലപാടിനെ അതിജീവിക്കാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. അനുവദനീയമായ

പരിധിയിൽ നിന്നുള്ള സംസ്ഥാനത്തിന്റെ കടമെടുപ്പിനെ ദുർവ്യാഖ്യാനിക്കുന്ന പ്രതിപക്ഷ നിലപാട് തിരുത്തപ്പെടണം. കേന്ദ്രാവിഷ്കൃത പദ്ധതി നടത്തിപ്പിൽ കേരളം ഒന്നാം സ്ഥാനം നേടിയതും സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും വരുമാന വർദ്ധനവ് സൃഷ്ടിക്കാൻ സാധിച്ചതും അഭിമാനകരമാണ്. എല്ലാവർക്കും വീട് എന്ന ആശയം സാധ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടത്തിവരുന്നത്. മലബാർ ദേവസ്വം ബിൽ പാസ്സാക്കുന്നതിനും മലബാർ ദേവസ്വം ബോർഡിനുകീഴിലെ ക്ഷേത്ര ജീവനക്കാർക്ക് യഥാസമയം ശമ്പളം നൽകുന്നതിനും നടപടി സ്വീകരിക്കണം. സബ് രജിസ്ട്രാർ ഓഫീസുകൾ ആധുനികവത്കരിക്കുന്നതിനുള്ള നടപടിയെ സ്വാഗതം ചെയ്യുന്നു. മികച്ച ധനകാര്യ മാനേജ്മെന്റിലൂടെ ധനകമ്മിയും കടബാധ്യതയും കുറയ്ക്കുന്നതിന് സർക്കാരിന് സാധിച്ചിട്ടുണ്ട്.

<u>ശ്രീ. തോമസ് കെ. തോമസ്</u>: ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. രണ്ടാം കുട്ടനാട് പാക്കേജ് നടപ്പാക്കുന്നതിനും സംഭരിക്കുന്ന നെല്ലിന്റെ വില യഥാസമയം കർഷകർക്ക് ലഭ്യമാക്കുന്നതിനും കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി നടപ്പാക്കുന്നതിനും താറാവ് കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനും ഉൾനാടൻ മത്സ്യകൃഷിക്കായി ജലാശയങ്ങളിലെ

പോളകൾ നീക്കം ചെയ്യുന്നതിനും ഗ്രാമീണ റോഡുകൾ പുനരുദ്ധരിക്കുന്നതിനും തട്ടാശ്ശേരി പാലം നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. കുറുക്കോളി മൊയ്തീൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ജില്ലാ ഭരണ സംവിധാനങ്ങൾ സാധാരണക്കാർക്ക് പ്രാപ്യമാകുന്ന വിധത്തിൽ മാറ്റുന്നതിനും ജനസംഖ്യാനുപാതികമായി വില്ലേജുകളെ പുന:ക്രമീകരിക്കുന്നതിനും നടപടിയെടുക്കണം. തീരമേഖലയെ ഉൾപ്പെടുത്തി തിരൂരിൽ തീരദേശ വില്ലേജ് അനുവദിക്കണം. ഭൂമി തരംമാറ്റലിനുള്ള അപേക്ഷകൾ സ്പെഷ്യൽ അദാലത്ത് നടത്തി തീർപ്പാക്കുന്നതിനും ചെറിയ തുകകൾക്കുള്ള മുദ്രപ്പത്ര ലഭ്യത ഉറപ്പുവരുത്തുന്നതിനും റവന്യൂ വകുപ്പിലെ നിയമനങ്ങളിലെ അഴിമതി തടയുന്നതിനും തിരൂരിൽ റവന്യൂ ടവർ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. ജി. എസ്. ജയലാൽ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പൊതുവിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ മേഖലകളിൽ മാതൃകാപരമായ നേട്ടം കൈവരിക്കാനും പൊതുവിതരണരംഗം ശക്തിപ്പെടുത്താനും വിലക്കയറ്റം നിയന്ത്രിക്കാനും ദാരിദ്ര്യം തുടച്ചുനീക്കാനും സർക്കാരിന് സാധിച്ചിട്ടുണ്ട്. കഴിഞ്ഞ എട്ട് വർഷത്തിനുള്ളിൽ 62000 കോടി രൂപയാണ്

സാമൂഹ്യസുരക്ഷാ പെൻഷൻ ഇനത്തിൽ വിതരണം ചെയ്തത്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കാനും എല്ലാ ഗ്രാമങ്ങളിലും വൈദ്യുതിയും റോഡും കുടിവെള്ളവും എത്തിക്കാനും കാർഷിക-വ്യാവസായിക മേഖലകളെ ശക്തിപ്പെടുത്താനും സിവിൽ സർവ്വീസ് കാര്യക്ഷമമാക്കാനും ക്രമസമാധാനം ഉറപ്പാക്കാനുമുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. സാമ്പത്തികരംഗത്തെ കേന്ദ്ര ഗവൺമെന്റിന്റെ പ്രതിലോമ നടപടികൾക്കിടയിലും നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും ചെലവുകൾ നിയന്ത്രിച്ചും സാമ്പത്തിക അച്ചടക്കം പാലിക്കാൻ സാധിച്ചിട്ടുണ്ട്. ഈ ഗവൺമെന്റിന്റെ കാലത്ത് 153103 കുടുംബങ്ങൾക്ക് പട്ടയം വിതരണം ചെയ്യുകയും ഭൂമിയില്ലാത്തവർക്ക് ഭൂമി ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പട്ടയ മിഷൻ രൂപീകരിച്ചതും ഭൂരേഖകൾ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങളും എടുത്തുപറയത്തക്കതാണ്. അദാലത്തുകളിലൂടെ ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കാൻ സാധിച്ചിട്ടുണ്ട്. 698 വില്ലേജ് ഓഫീസുകൾ സ്മാർട്ട് ഓഫീസുകളാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ചാത്തന്നൂർ മണ്ഡലത്തിലെ സബ് രജിസ്ട്രാർ ഓഫീസുകൾ സ്മാർട്ടാക്കാനുള്ള പ്രവർത്തനങ്ങൾ വേഗത്തിലാക്കണം.

<u>ശ്രീ. എ. സി. മൊയ്തീൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. തനതുനികുതി വരുമാനത്തിൽ വർദ്ധനവുണ്ടാക്കാനും പൊതുകടം കുറയ്ക്കാനും സർക്കാരിന് സാധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന് അർഹതപ്പെട്ട കേന്ദ്ര വിഹിതം വെട്ടിക്കുറച്ച നടപടിക്കെതിരെയുള്ള സംയുക്ത പ്രക്ഷോഭത്തിൽ പങ്കെടുക്കാൻ പ്രതിപക്ഷം തയ്യാറാകാതിരുന്നത് അപലപനീയമാണ്. ജീവനക്കാരുടെ ഡി.എ. കുടിശ്ശിക സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് നൽകുന്നതാണ്. കേന്ദ്ര സർക്കാർ സംസ്ഥാനത്തെ സാമ്പത്തികമായി ഞെരുക്കിയതുകൊണ്ടാണ് സാമൂഹിക ക്ഷേമ പെൻഷൻ വിതരണത്തിൽ കുടിശ്ശികവരാനിടയായത്. കിഫ്ബി മുഖേനയുള്ള കടമെടുപ്പ് സംസ്ഥാനത്തിന്റെ പൊതുകടത്തിൽ ഉൾപ്പെടുത്തിയ കേന്ദ്ര സർക്കാർ നടപടിക്കെതിരെ പ്രതികരിക്കാൻ പ്രതിപക്ഷം തയ്യാറായിട്ടില്ല.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്തിന് അർഹതപ്പെട്ട 57000 കോടി രൂപ ലഭ്യമാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോയെന്നും ഇക്കാര്യം സുപ്രീംകോടതിയിൽ നൽകിയ അഫിഡവിറ്റിൽ സൂചിപ്പിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കണം. എക്സ്പെൻഡീച്ചർ കമ്മിറ്റി റിപ്പോർട്ട് പരസ്യപ്പെടുത്താൻ തയ്യാറാകണം. നികുതി പിരിച്ചെടുക്കുന്നതിൽ സംസ്ഥാന സർക്കാർ

പരാജയപ്പെട്ടിരിക്കുകയാണ്. കേരളീയം, നവകേരള സദസ്സ് എന്നിവയുമായി ബന്ധപ്പെട്ട് സ്പോൺസർഷിപ്പിലൂടെ ലഭിച്ച തുകയുടെ കണക്ക് വ്യക്തമാക്കാത്ത നടപടി പ്രതിഷേധാർഹമാണ്. ദളിത് വിരുദ്ധ സമീപനമാണ് ഇടതുപക്ഷ സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): കേന്ദ്ര സർക്കാരും അന്തർദ്ദേശീയ ഏജൻസികളും പുറത്തുവിടുന്ന റിപ്പോർട്ടുകളിൽ മിക്കവാറും എല്ലാ രംഗങ്ങളിലും കേരളം ഒന്നാമതാണെന്ന് മാത്രമല്ല രാജ്യത്തെ ദാരിദ്ര്യം കുറഞ്ഞ സംസ്ഥാനമെന്നുള്ള അംഗീകാരം തുടർച്ചയായി രണ്ടാം തവണയും ലഭിച്ചിരിക്കുകയാണ്. സംസ്ഥാനത്ത് മാതൃ-ശിശുമരണ നിരക്ക് കുറവും ആയുർദൈർഘ്യം കൂടുതലുമാണ്. സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിലും സുസ്ഥിര വികസന ലക്ഷ്യങ്ങൾ നടപ്പാക്കുന്നതിലും കേരളം മുന്നിലാണ്. സാർവത്രിക വിദ്യാഭ്യാസം, ആരോഗ്യം, പൊതുജനക്ഷേമം എന്നിവയിൽ കേരളം മുന്നിലാണെന്ന ആർ.ബി.ഐ.-യുടെ വിലയിരുത്തൽ ശ്ലാഘനീയമാണ്. 2024-ലെ സ്കിൽ ഇന്ത്യാ റിപ്പോർട്ട് പ്രകാരം 18-21 വയസ്സുള്ളവർക്ക് മികച്ച തൊഴിൽ സാധ്യത ഉറപ്പാക്കുന്നതിൽ കേരളം രണ്ടാമതും നഗരങ്ങളിൽ തിരുവനന്തപുരം മൂന്നാമതുമാണ്. പ്രായവ്യത്യാസമില്ലാതെ സ്ത്രീകളും പുരുഷൻമാരും

ഒരുപോലെ ജോലി ചെയ്യാനിഷ്ടപ്പെടുന്ന നഗരങ്ങളിൽ കൊച്ചിയും തിരുവനന്തപുരവും മുൻനിരയിലാണ്. കമ്പ്യൂട്ടർ സ്കില്ലിൽ മൂന്നാമത്തെ സംസ്ഥാനമായി കേരളവും ഇന്ത്യയിലെ ഒന്നാമത്തെ നഗരമായി തിരുവനന്തപുരവും ഉയർന്നുവന്നിട്ടുണ്ട്. ഐ.ടി., കമ്പ്യൂട്ടർ സയൻസ്, എഞ്ചിനീയറിംഗ് മേഖലയിലെ നേട്ടങ്ങൾ, ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യം, കമ്പ്യൂട്ടർ പരിജ്ഞാനം, സംഖ്യാ നൈപുണ്യം, വിമർശനാത്മക ചിന്ത എന്നീ മേഖലകളിൽ ദേശീയ തലത്തിൽ കേരളത്തിലെ യുവാക്കൾ ഒന്നാമതാണ്. വ്യവസായ സൗഹൃദ റാങ്കിംഗിൽ കേരളം 26-ാം സ്ഥാനത്തുനിന്ന് 15-ാം സ്ഥാനത്തെത്തിയത് അഭിമാനകരമാണ്. പി.എസ്.സി. മുഖേന ഈ സർക്കാർ ഇതുവരെ തൊണ്ണൂറായിരം നിയമനങ്ങൾ നടത്തിയിട്ടുണ്ട്. ആർ.ബി.ഐ.-യുടെയും സി.ആൻഡ്.എ.ജി.-യുടെയും പ്രിലിമിനറി റിപ്പോർട്ട് പ്രകാരം കേരളത്തിന്റെ റവന്യൂ കമ്മിയും ധനകമ്മിയും കുറഞ്ഞിട്ടുണ്ട്. എക്സ്പെൻഡിച്ചർ കമ്മിറ്റി റിപ്പോർട്ട് ഈ സമ്മേളനത്തിൽത്തന്നെ സമർപ്പിക്കുന്നതാണ്. കിഫ്ബി മുഖേനയുള്ള കടമെടുപ്പ് പൊതുകടത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയ നടപടി സംസ്ഥാനത്തിന് തിരിച്ചടിയായിട്ടുണ്ട്. കേരളത്തിനകത്ത് പിരിക്കുന്ന നികുതി വരുമാനത്തിൽ ഒരു വർഷം പതിനൊന്ന് ശതമാനത്തോളം വർദ്ധനവുണ്ടാകുന്നുണ്ടെങ്കിലും

ഐ.ജി.എസ്.ടി. വരുമാനത്തിൽ മൂന്ന് ശതമാനം വർദ്ധനവ് മാത്രമാണുണ്ടാകുന്നത്. സംസ്ഥാനത്തിനാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തിവരുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സംസ്ഥാനത്തെ മുഴുവൻ ജനങ്ങളെയും ഭൂമിയുടെ ഉടമകളാക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. മലയോര മേഖലയിലെ പട്ടയവിതരണ പ്രതിസന്ധി മറികടക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. 1977-ന് മുമ്പുള്ള കുടിയേറ്റക്കാർക്ക് വനഭൂമിയുമായി ചേർന്നുകിടക്കുന്ന സ്ഥലങ്ങൾ ജെ.വി.ആർ. പരിവേഷ് പോർട്ടലിൽ ഉൾപ്പെടുത്തി പട്ടയവിതരണം നടത്തുന്നതിന് അപേക്ഷ നൽകാനുള്ള അനുവാദം കേന്ദ്ര സർക്കാർ നൽകിയിട്ടുണ്ട്. പുതിയതായി ജോയിന്റ് വെരിഫിക്കേഷൻ നടത്തേണ്ട സ്ഥലങ്ങളെ സംബന്ധിച്ച് വനം-റവന്യൂ വകുപ്പുകൾ കൂടിയാലോചിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. വനംവകുപ്പ് എൻ.ഒ.സി. ലഭ്യമാക്കുന്നമുറയ്ക്ക് പരിവേഷ് പോർട്ടലിൽ ഉൾപ്പെടുത്തി സർവ്വേ നടപടികൾ പൂർത്തിയാക്കി പട്ടയ വിതരണം നടത്തുന്നതാണ്. ഏറനാട് താലൂക്കിലെ 180-ഓളം വരുന്ന കൈവശക്കാരുടെ സത്രം ഭൂമിയുടെ പട്ടയം സർക്കാരിന്റെ നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തി വിതരണം ചെയ്യാൻ സാധിക്കുന്നതാണ്. അതിർത്തി നിർണ്ണയത്തിന്റെ

പേരിൽ കൃത്യമായി വിതരണം ചെയ്യാൻ കഴിയാത്ത എയ്ഞ്ചൽ വാലി, പമ്പാവാലി എന്നിവിടങ്ങളിൽ 1300-ഓളം പട്ടയങ്ങൾ വിതരണം ചെയ്യുകയും പത്തനംതിട്ട, കോട്ടയം ജില്ലകളിൽ ഡിജിറ്റൽ റീ-സർവ്വേ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇടുക്കി-പത്തനംതിട്ട ജില്ലകളിലെ പട്ടയ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ പ്രത്യേകം മിഷൻ രൂപീകരിച്ചിട്ടുണ്ട്. ഡിജിറ്റൽ റീ-സർവ്വേ പൂർത്തിയാകുന്ന മുറയ്ക്ക് രജിസ്ട്രേഷൻ-റവന്യൂ-സർവ്വേ വകുപ്പുകൾ സംയുക്തമായി 'എന്റെ ഭൂമി' പോർട്ടൽ ആരംഭിക്കുന്നതാണ്. തിരുവനന്തപുരം കവടിയാറിൽ പൈതൃക കെട്ടിടമായി ഒരു 'റവന്യൂ ഭവൻ' ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. മറൈൻ ഡ്രൈവിൽ 'മറൈൻ ഇക്കോസിറ്റി' എന്നപേരിൽ ഒരു വലിയ വാണിജ്യ ഭവന സമുച്ചയത്തിന് രൂപം നൽകുകയാണ്. പുതുതായി രണ്ട് വില്ലേജ് ഓഫീസുകൾ കോതമംഗലത്തും കാഞ്ഞിരപ്പള്ളിയിലും ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 670 വില്ലേജ് ഓഫീസുകൾ ഡിജിറ്റലാക്കാനും സ്മാർട്ടാക്കാനും ഫണ്ട് അനുവദിച്ചിട്ടുണ്ട്. ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട 2,14,900 അപേക്ഷകൾക്ക് പരിഹാരം കണ്ടെത്തുകയും അതിനായി ഒരു എസ്.ഒ.പി. രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെ സഹായത്തോടെ 200 കോടി രൂപയുടെ 'തിരുവനന്തപുരം നഗര പ്രളയ ദുരന്ത ലഘൂകരണ പദ്ധതി' ആസൂത്രണം ചെയ്തുവരികയാണ്. ചൂട്, സൂര്യതാപം, സൂര്യാഘാതം, താപതരംഗം എന്നിവയെ സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിച്ചിട്ടുണ്ട്. ദുരന്ത മുന്നറിയിപ്പ് നൽകുന്നതിനായി സൈറണുകളും മഴയുടെ തോത് മനസ്സിലാക്കുന്നതിനായി മഴമാപിനികളും സ്ഥാപിക്കുകയും എസ്.എം.എസ്. വഴി കാലാവസ്ഥാ പ്രവചനം നൽകുന്ന സംവിധാനം നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ജന്മിത്തവും കുടിയായ്മയുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന കേസുകൾ 2025-ഓടെ തീർപ്പാക്കും. ആശ്വാസ് വാടകവീട് പദ്ധതി തൃശ്ശൂരിൽ ഉത്ഘാടനം ചെയ്യുകയും ആലപ്പുഴയിലും കണ്ണൂരിലും നിർമ്മാണം പുരോഗമിക്കുകയും ഇടുക്കിയിൽ ഉടൻ പ്രവർത്തനം ആരംഭിക്കുകയും ചെയ്യും. ഇരട്ട വീടുകൾ ഒറ്റവീടുകളാക്കുന്ന എം.എൻ. സുവർണ്ണഭവനം പദ്ധതിയും എം.എൻ. നവയുഗ പദ്ധതിയും നടപ്പാക്കുന്നതാണ്. ഹൗസിംഗ് ബോർഡിന്റെ കീഴിൽ വാർദ്ധക്യകാല ഭവന സമുച്ചയങ്ങൾ "സായന്തനം" എന്ന പേരിൽ കോട്ടയത്തും തിരുവനന്തപുരത്തും ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. പോക്സോ കേസിൽ ഇരകളാക്കപ്പെട്ടവർക്കും സാമൂഹ്യ സുരക്ഷാ കേന്ദ്രങ്ങളിൽനിന്നും

ഒഴിവാക്കപ്പെട്ടവർക്കും താമസിക്കാൻ വനിതാ-ശിശു വികസന വകുപ്പുമായി സഹകരിച്ച് 'തണ്ടെയിടം' എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ലൈഫ് പദ്ധതിയിലുൾപ്പെടാത്തവർക്ക് സർക്കാർ സബ്സിഡിയോടെയും വിവിധ സന്നദ്ധസംഘടനകളുടെ സഹായത്തോടെയും തിരിച്ചടവില്ലാതെ 3 ലക്ഷം രൂപ ഭവന നിർമ്മാണത്തിന് നൽകുന്ന ഗൃഹശ്രീ പദ്ധതി ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഭൂപരിഷ്കരണ നിയമത്തിന്റെ അന്തഃസത്തയിൽ മാറ്റം വരുത്തുന്ന യാതൊരു നടപടിയും സർക്കാർ സ്വീകരിക്കില്ല. ഫെയർവാല്യുവുമായി ബന്ധപ്പെട്ട അപാകതകൾ ഡിജിറ്റൽ സർവ്വേ നടപ്പിലാക്കുന്നതിലൂടെ പരിഹരിക്കുന്നതാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): മലബാർ ദേവസ്വം ബോർഡിലെ ജീവനക്കാരുടെ ശമ്പള കുടിശ്ശിക നൽകുന്നതിനായി ഏഴ് കോടി രൂപയും ഉത്തര മലബാറിലെ ആചാരസ്ഥാനീയരുടെയും കോലധാരികളുടെയും പ്രതിമാസ ധനസഹായം 1600/- രൂപയായി വർദ്ധിപ്പിക്കുന്നതിനുൾപ്പെടെ 5.3 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. മലബാർ ഹിന്ദു റിലീജിയസ് ആൻഡ് ചാരിറ്റബിൾ എൻഡോവ്മെന്റ്സ് ബിൽ, 2024 ധനകാര്യ വകുപ്പിന്റെ

പരിഗണനയിലാണ്. തിരുവല്ലത്ത് പരശ്ശുരാമസ്വാമി ക്ഷേത്രത്തിന്റെ നവീകരണത്തിനായി 1.65 ഏക്കർ സ്ഥലം ഏറ്റെടുക്കുകയും ബലിക്കടവ് നിർമ്മാണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടന്നുവരികയും ചെയ്യുന്നു. ഗുരുവായൂർ ദേവസ്വം ബോർഡിന്റെ കീഴിൽ ക്ഷേത്രകലകൾ അഭ്യസിപ്പിക്കാനും ഗവേഷണം നടത്താനും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വേദിക് ആൻഡ് കൾച്ചറൽ സ്റ്റഡീസ് എന്ന സ്ഥാപനം ആരംഭിക്കും. ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വഴി 187 പട്ടികജാതിക്കാർക്കും 17 പട്ടികവർഗ്ഗക്കാർക്കും ഉൾപ്പെടെ 1790 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. വിവിധ ക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിനും വഴിപാടേതര വരുമാനം വർദ്ധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ശബരിമലയുടെ വികസന പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിനായി ഒരു ഡെവലപ്മെന്റ് അതോറിറ്റി രൂപീകരിക്കുന്ന കാര്യം പരിഗണനയിലാണ്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): രജിസ്ട്രേഷൻ വകുപ്പിന്റെ ആധുനികവൽക്കരണം, ഡിജിറ്റൈസേഷൻ, ഓൺലൈൻ സേവനങ്ങൾ എന്നിവ നടപ്പിലാക്കാനായി

നിരവധി കർമ്മപദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. കുത്തുപറമ്പിലും നിലമ്പൂരിലും രജിസ്ട്രാർ ഓഫീസ് നിർമ്മാണത്തിനാവശ്യമായ സ്ഥലലഭ്യത ഉറപ്പുവരുത്തി തുടർനടപടികളുമായി മുന്നോട്ടുപോകുകയാണ്. ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ മുഴുവൻ രജിസ്ട്രാർ ഓഫീസുകളും സ്മാർട്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നെയ്യാറ്റിൻകര സബ്‌രജിസ്ട്രാർ ഓഫീസിന്റെ നവീകരണത്തിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ആധാരമെഴുത്ത് ഭാഷയ്ക്ക് ഏകീകൃത സ്വഭാവം നൽകുന്ന ടെംപ്ലേറ്റുകൾമൂലം ആധാരമെഴുത്തുകാരുടെ ജോലി നഷ്ടപ്പെടുന്ന സാഹചര്യമുണ്ടാകില്ല. കുഴൽമന്ദം രജിസ്ട്രാർ ഓഫീസ് നിർമ്മാണ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ആധുനികവൽക്കരണത്തിന്റെ ഭാഗമായി നൂറ് വർഷത്തിലധികം പഴക്കമുള്ള കെട്ടിടങ്ങൾ പുതുക്കിപ്പണിയുകയും രജിസ്ട്രാർ ഓഫീസുകളിൽ ഇന്റർനെറ്റ് സംവിധാനങ്ങളേർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയും ഭൂനികുതി എന്ന VI-ാം

നമ്പർ ധനാഭ്യർത്ഥനയും മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയും ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയും പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയും പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയും പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയും 27-നെതിരെ 76 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 5.10-ന് പിരിഞ്ഞു.

----------------------